**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10)പ്രകാരം തടസ്സപ്പെടുത്തിയ 8,000/- (രൂപ എണ്ണായിരം മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 720/2018/തസ്വഭവ. തിരുവനന്തപുരം,തീയതി 16.03.2018

പരാമർശം:- 1) പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.02.2016 ലെ എ 3-1230/16(3) നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 27.06.2016 ലെ എം3-15619/16 നമ്പർ കത്ത്.
3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 25.04.2017-ലെ കെഎസ്എ 8762/പി.റ്റി2/2016 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരം 8000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കാൻ പ്രത്യേകം ആളെ നിയമിച്ചതിനാലായിരുന്നു തുക തടസ്സപ്പെടുത്തിയത്. എന്നാൽ വർദ്ധിച്ച ജോലിഭാരത്താൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ ഉപയോഗപ്പെടുത്തി യഥാസമയത്ത് കണക്കുകൾ സമർപ്പിക്കാൻ കഴിയാതെ വന്നതുകൊണ്ടാണ് പ്രത്യേകം ആളെ നിയോഗിച്ചതെന്നും ആയതിനാൽ ടി തടസ്സം സാധൂകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് തെങ്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ഉചിതമാർഗ്ഗേന പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചു. ടി അപേക്ഷയിന്മേൽ സർക്കാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ ഈ വിഷയത്തിൻമേലുള്ള അഭിപ്രായം പരാമർശം (3) പ്രകാരം സർക്കാരിനെ അറിയിച്ചു.

2. ഇത് സംബന്ധിച്ച്, വർദ്ധിച്ച ജോലിഭാരത്താൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ ഉപയോഗപ്പെടുത്തി യഥാസമയത്ത് കണക്കുകൾ സമർപ്പിക്കാൻ കഴിയാതെ വന്നതിനാലാണ് ചെലവ് നടത്തിയതെന്ന ഗ്രാമപഞ്ചായത്തിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഭരണസമിതിയുടെ 8.02.2016 ലെ 4(1) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ചെലവിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ യുക്തമായ തീരുമാനം സർക്കാരിന് എടുക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. പഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് പാലക്കാട് ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ

ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(10) പ്രകാരം തടസ്സപ്പെടുത്തിയ 8,000/- (രൂപ എണ്ണായിരം മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, തെങ്കര ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**